KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം , തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

No. PS1 (B)/Special days /2021 തീയതി: 08.12.2023

## പരിപത്രം

വിഷയം : മനുഷ്യാവകാശ ദിനം - 2023 - കെ.എസ്.ഇ.ബി.എൽ - ന്റെ എല്ലാ കാര്യാലയങ്ങളിലും മനുഷ്യാവകാശ പ്രതിജ്ഞ എടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന - 1. സർക്കുലർ നം - സി.ഡി.എൻ.4/148/2023/പൊ ഭ വ തീയതി 07.12.2023
2. ചീഫ് പേഴ്സണൽ ഓഫീസറുടെ 07.12.2023-)൦ തീയതിയിലെ പി.എസ്. 1 (ബി)/സ്പെഷ്യൽ ഡെയ്സ്/2021 -)൦ നമ്പർ കുറിപ്പ്.

എല്ലാ വർഷവും ഡിസംബർ 10 ലോകമെമ്പാടും മനുഷ്യാവകാശ ദിനമായി ആചരിച്ച് വരുന്നു. സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ മനുഷ്യാവകാശ നിയമത്തെ പ്രചരിപ്പിക്കുന്നതിനും, അവബോധം വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എയ്ഡഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഈ വർഷവും എല്ലാ ജീവനക്കാരും മനുഷ്യവകാശ പ്രതിജ്ഞയെടുത്തു കൊണ്ട് മനുഷ്യാവകാശ ദിനം ആചരിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

മനുഷ്യാവകാശ ദിനമായ 2023 ഡിസംബർ 10 ഞായറാഴ്ച ആയതിനാൽ, ഈ വർഷത്തെ മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് 2023 ഡിസംബർ 11 തിങ്കളാഴ്ച രാവിലെ 11 മണിക്ക് എല്ലാ വകുപ്പ മേധാവികളും, ജില്ലാ കളക്ടർമാരും, പൊതു മേഖല / സ്വയം ഭരണസ്ഥാപനങ്ങളുടെ മേധാവികളും, അവരവരുടെ ഓഫീസുകളിലും, അതാത് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള ഓഫീസുകളിലും മനുഷ്യാവകാശ പ്രതിജ്ഞ എടുക്കേണ്ടതാണെന്ന് സൂചന (1) സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതുമാകുന്നു.

സൂചന (1) സർക്കുലറിന്റെ അടിസ്ഥാനത്തിൽ, ഈ വർഷത്തെ മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ചുള്ള **മനുഷ്യാവകാശ പ്രതിജ്ഞയെടുക്കൽ ചടങ്ങ് 2023 ഡിസംബർ 11** ന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എല്ലാ കാര്യാലയങ്ങളിലും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം മനുഷ്യാവകാശ പ്രതിജ്ഞ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ എല്ലാ കാര്യാലയങ്ങളിലും **2023 ഡിസംബർ 11 ന് രാവിലെ 11 മണിക്ക്** സംഘടിപ്പിക്കേണ്ടതാണ് (മനുഷ്യാവകാശ പ്രതിജ്ഞയുടെ പൂർണ്ണ രൂപം ഇതോടൊപ്പം ഉൾചേർത്തിരിക്കുന്നു).

കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ആസ്ഥാന ഓഫീസ് സമുച്ചയമായ പട്ടം വൈദ്യുതി ഭവനിലെ രണ്ടാം

നിലയിൽ വച്ച് 2023 ഡിസംബർ 11 രാവിലെ 11 മണിക്ക് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ജീവനക്കാർക്ക് മനുഷ്യാവകാശ പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുക്കുന്നതായിരിക്കും. ഇതൊടനുബന്ധിച്ചുള്ള എല്ലാ ക്രമീകരണങ്ങളും പട്ടം, വൈദ്യുതി ഭവൻ സിവിൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സജ്ജമാക്കേണ്ടതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ എല്ലാ ഓഫീസ് / വകുപ്പ് മേധാവികളും തങ്ങളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും മനുഷ്യാവകാശ പ്രതിജ്ഞ ചൊല്ലൽ ചടങ്ങിൽ എല്ലാ ജീവനക്കാരുടേയും സജീവ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതുമാകുന്നു.

സെക്രട്ടറി (ഭരണം)

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, എസ്.സി.എം & ഐ.റ്റി)/ടി. എ ടു ഡയറക്ടർ {റീസ്, സൗര, നിലാവ് പ്രോജക്റ്റ്, സ്പോർട്സ് & വെൽഫയർ} ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, & സേഫ്റ്റി)/ ടി. എ ടു ഡയറക്ടർ {ജനറേഷൻ, ഇലക്ട്രിക്കൽ & എച്ച്.ആർ.എം} ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)/ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ലൈബ്രറി/സ്റ്റോക്ക് ഫയൽ.

## മനുഷ്യാവകാശ പ്രതിജ്ഞ.

ഞാൻ ഭാരതത്തിന്റെ ഭരണഘടനയിലും ഭാരതത്തിൽ നടപ്പിലാക്കാവുന്ന അന്താരാഷ്ട്ര ഉടമ്പടികളിലൂടെയും സംരക്ഷിക്കപ്പെട്ടിട്ടുള്ള മനുഷ്യാവകാശങ്ങളോട് നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും, ഈ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി എന്റെ കർത്തവ്യം നിറവേറ്റുമെന്നും, എല്ലാവരുടേയും മനുഷ്യാവകാശത്തേയും ആത്മാഭിമാനത്തേയും യാതൊരു വിവേചനവും കൂടാതെ ബഹുമാനിക്കുമെന്നും, മറ്റുള്ളവരുടെ മനുഷ്യവകാശത്തെ നേരിട്ടോ അല്ലാതെയോ പ്രവൃത്തികൊണ്ടോ, വാക്കുകൊണ്ടോ, എന്റെ ചിന്തയിലൂടെയോ ഹനിക്കുകയില്ലെന്നും മനുഷ്യവകാശങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി സദാ പ്രതിബദ്ധതയുള്ളവനായിരിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.